പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 442 — 27.06.2014- ൽ മറുപടിക്ക്

സാമൂഹ്യക്ഷേമ പദ്ധതി നടത്തിപ്പിനുള്ള സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. വി.എം ഉമ്മർ മാസ്റ്റർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആവിഷ്കരിച്ച നടപ്പാക്കിയ സാമൂഹ്യക്ഷേമ പദ്ധതികളുടെ വിശദവിവരം നൽകാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമ പദ്ധതികൾ ചുവടെപറയുന്നവയാണ്.<br>1.<u>സാമൂഹ്യനീതി ഡയറക്ടറേറ്റ്</u><br>1. <u>വയനാട്ടിലെ വിഭിന്നശേഷിയുള്ളവർക്കായുള്ള തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം</u><br>മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള വൈകല്യമുള്ളവർക്ക് പരിശീലനവും തൊഴിലവസരവും സൃഷ്ടിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു പുനരധിവാസ കേന്ദ്രം ആരംഭിക്കുന്നതിനായുള്ള പദ്ധതി.<br>2. <u>മാതൃക അംഗൻവാടികളുടെ നിർമ്മാണം</u><br>ആറ് വയസ്സിൽ താഴെയുള്ള കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, അമ്മമാർ, പ്രായമായവർ എന്നിവരെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>3. <u>നിർഭയ പദ്ധതി</u><br>സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് വേണ്ടിയുള്ള പദ്ധതി. |

| | | | |
|---|---|---|---|
| | | | 4. <u>ജെൻഡർ പാർക്ക്</u><br>ലിംഗ പദവി സംബന്ധിച്ച വികസന അസമത്വത്തിന് പരിഹാരം കാണുവാൻ വേണ്ടി നടപ്പിലാക്കിയ പദ്ധതി.<br>5. <u>കമ്മ്യൂണിറ്റി കിച്ചൺ</u><br>അട്ടപ്പാടിയിൽ സാമൂഹ്യനീതി വകുപ്പ് വഴി പോഷകാഹാരം വിതരണം ചെയ്യുന്ന പദ്ധതി.<br>6. <u>CIMR-Education Curriculum Pilot Project</u><br>ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സമഗ്ര വികസനത്തിനായി CENTRAL INSTITUTE ON MENTAL RETARDATION (CIMR) ഉം സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി.<br><br>2. <u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ</u><br><u>1.വയോമിത്രം പദ്ധതി</u><br>സംസ്ഥാനത്തെ എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളിലെയും വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും ലക്ഷ്യമിട്ട് രൂപപ്പെടുത്തിയിട്ടുള്ള പദ്ധതി .<br>2. <u>ശ്രുതിതരംഗം പദ്ധതി</u><br>ശ്രവണ വൈകല്യമുള്ള കുട്ടികളെ കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി വൈകല്യം മാറ്റിയെടുക്കാനുദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കി വരുന്ന പദ്ധതി.<br>3. <u>സ്നേഹപൂർവ്വം പദ്ധതി</u><br>മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോവുകയോ അല്ലെങ്കിൽ ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതി ഇല്ലാത്തതോ ആയ വീടുകളിലെ കുട്ടികൾ വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശത്തോടുകൂടി അനുവദിക്കുന്ന പ്രതിമാസ ധനസഹായ പദ്ധതി. |

| | | | |
|---|---|---|---|
| | | | 4. <u>ഒ.ആർ.സി പദ്ധതി</u><br>കുട്ടികൾക്കിടയിലെ കുറ്റവാസനയും ലഹരി വസ്തുക്കളുടെ ഉപയോഗവും തടഞ്ഞ് ഇവരെ സന്മാർഗികളായി കൊണ്ടുവരികയെന്ന ഉദ്ദേശ ത്തോടുകൂടി നടപ്പാക്കുന്ന പദ്ധതി.<br><br>5. <u>സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് (എസ് ഐ ഡി)</u><br>വൈകല്യം തടയുന്നതിനായി പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധി വാസം എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതി.<br>6. <u>സമാശ്വാസം പദ്ധതി</u><br>വൃക്ക തകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബ ങ്ങളിൽപ്പെട്ട രോഗികൾക്ക് പ്രതി മാസം നൽകുന്ന ധനസഹായ പദ്ധതി.<br>7. <u>സ്പെഷ്യൽ സമാശ്വാസം പദ്ധതി</u><br>സംസ്ഥാനത്ത് വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ 1 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതി മാസം നൽകുന്ന ധനസഹായ പദ്ധതി.<br>8. <u>പ്രത്യാശ വിവാഹ ധനസഹായം</u><br>സംസ്ഥാനത്ത് 22 വയസ്സ് പൂർത്തിയായിട്ടും സാമ്പത്തിക ബുദ്ധി മുട്ട് കാരണം വിവാഹിതരാകാത്ത പെൺകുട്ടികൾക്ക് വിവാഹ ധനസ ഹായം നൽകുന്ന പദ്ധതി.<br><u>3.വികലാംഗക്ഷേമ കോർപ്പറേഷൻ</u><br>1. അംഗവൈകല്യം ഉള്ളവർക്ക് വേണ്ട ഹൈടെക്ക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ്പ് തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെ സൗജന്യ വിതരണം.<br>2. ബി.പി.എൽ വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി വായ്പാ സബ്സിഡി.<br>3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ സൗജന്യ വിതരണം. |

| | | | |
|---|---|---|---|
| | | | 4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസ പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ. |
| | | | <u>4.വനിതാ വികസന കോർപ്പറേഷൻ</u><br><br>1. <u>ഷീ ടോയ്ലറ്റ്</u><br>സുരക്ഷിതവും വൃത്തിയുള്ളതും ഇൻസിനിറേറ്റർ, നാപ്കിൻ വെൻഡിംഗ് മെഷിൻ എന്നീ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ടോയ്ലറ്റ് സൗകര്യങ്ങൾ സ്ത്രീകൾക്ക് ഒരുക്കുന്ന പദ്ധതി.<br><u>2.വിമൻസ് സെൽ</u><br>സംസ്ഥാനത്തെ 40 വനിതാ കോളേജുകളിൽ വിമൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥിനികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, സെമിനാറുകൾ, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകി വരുന്നുണ്ട്.<br><u>3. ആയോധന കലയിൽ പരിശീലനം</u><br>സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സ്വയരക്ഷയ്ക്കായി പ്രതിരോധത്തിലൂന്നിയ ആയോധന പരിശീലനം നൽകുന്ന പദ്ധതി.<br>4. <u>ഐ.സി.റ്റി ബോധവൽക്കരണ പരിപാടി</u><br>സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ആർട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥിനികൾക്കും അധ്യാപികമാർക്കും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ & ടെക്നോളജി (ഐ.സി.റ്റി.) ബോധവൽക്കരണം നൽകുന്ന പദ്ധതി.<br>5. <u>ഷീ ടാക്സി പദ്ധതി</u><br>വനിതകളുടെ സ്വയം തൊഴിൽ സംരംഭത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത നഗരങ്ങളിൽ വനിതാ ടാക്സി ഏർപ്പെടുത്തുന്ന പദ്ധതി. തിരുവനന്തപുരം നഗരത്തിൽ വിജയകരമായി ആരംഭിച്ച പദ്ധതി എറണാകുളം, കോഴിക്കോട് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവയുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; | (ബി) | പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ടി സാമൂഹ്യനീതി വകുപ്പ് ജില്ലാ തലത്തിൽ പ്രതിമാസ അവലോകന യോഗം നടത്തുകയും ഫീൽഡ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിലെത്തിക്കുന്നതിന് ആവശ്യമായ പരസ്യം നൽകി വരുന്നുണ്ട്. |
| (സി) | ഇത്രയേറെ പദ്ധതികൾ നടപ്പാക്കിയിട്ടും അനാഥരും ഗുരുതര രോഗം ബാധിച്ചവരും വൃദ്ധരും അശരണരായി തെരുവിൽ അലയുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തു ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച് കൂടുതൽ പരസ്യ-പ്രചാരണത്തിനും പൊതുജനത്തിന് ഇവയെ സംബന്ധിച്ച ബോധവൽക്കരണ നടപടികളും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ